**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1838** **12-09-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ആർട്സ് കോളേജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് ആർട്സ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പ് എടുത്ത നടപടികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (എ) | 2014-15 അദ്ധ്യയന വർഷം മുതൽ കുളത്തൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രവർത്തിക്കുന്നത് കുളത്തൂർ ടെക്നിക്കൽ സ്കൂളിന്റെ കോമ്പൗണ്ടിലാണ്. കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലവും ടി സ്ഥലത്തിന് എതിർവശം(റോഡിനപ്പുറം) ഉള്ള സ്ഥലവും കുളത്തൂർ ടെക്നിക്കൽ ഹൈ സ്കൂളിന്റെ ഗ്രൗണ്ടിന്റെ സ്ഥലവും ലഭിച്ചാൽ മാത്രമേ കോളേജിന്റെ അക്രെഡിറ്റേഷൻ ആവശ്യമായ 5 ഏക്കർ ഭൂമി ലഭിക്കുകയുള്ളൂ. ആയതിനാൽ ടി കണ്ടെത്തിയിരിക്കുന്ന ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനു ജില്ലാ കളക്ടർ മുഖേനെ ലാൻഡ് റവന്യൂ കമ്മീഷണർക്ക് കത്ത് നൽകിയിരുന്നു. 07.07.2023-ന് സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ബഹു: എം.എൽ.എ-യുടെ ആവശ്യപ്രകാരം ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചയിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കുളത്തൂരുള്ള ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ സ്ഥലം ഏറ്റെടുക്കുവാനുള്ള സാധ്യത പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനായി കൈത്തറി വകുപ്പ് ഡയറക്ടർക്കു കത്ത് നൽകിയിട്ടുണ്ട്.<br><br>സ്ഥലം ലഭ്യമായാൽ ഏറ്റെടുക്കൽ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | 2023 - 24 വർഷത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടി കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | 2014-15 അദ്ധ്യയന വർഷം മുതൽ കുളത്തൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രവർത്തിക്കുന്നത് കുളത്തൂർ ടെക്നിക്കൽ സ്കൂളിന്റെ കോമ്പൗണ്ടിലാണ്. കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലവും ടി സ്ഥലത്തിന് എതിർവശം(റോഡിനപ്പുറം) ഉള്ള സ്ഥലവും കുളത്തൂർ ടെക്നിക്കൽ ഹൈ സ്കൂളിന്റെ ഗ്രൗണ്ടിന്റെ സ്ഥലവും ലഭിച്ചാൽ മാത്രമേ കോളേജിന്റെ അക്രെഡിറ്റേഷൻ |

| | | | |
|---|---|---|---|
| | | | ആവശ്യമായ 5 ഏക്കർ ഭൂമി ലഭിക്കുകയുള്ളു. ആയതിനാൽ ടി കണ്ടെത്തിയിരിക്കുന്ന ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനു ജില്ലാ കളക്ടർ മുഖേനെ ലാൻഡ് റവന്യൂ കമ്മീഷണർക്ക് കത്ത് നൽകിയിരുന്നു. 07.07.2023-നു സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ബഹു: എം.എൽ.എ-യുടെ ആവശ്യപ്രകാരം ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചയിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കുളത്തൂരുള്ള ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ സ്ഥലം ഏറ്റെടുക്കുവാനുള്ള സാധ്യത പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനായി കൈത്തറി വകുപ്പ് ഡയറക്ടർക്കു കത്ത് നൽകിയിട്ടുണ്ട്.<br><br>സ്ഥലം ലഭ്യമായാൽ ഏറ്റെടുക്കൽ നടപടികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ